## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 436** **26.04.2017 ൽ മറുപടിക്ക്.**

## നികുതിയിനത്തിലെ കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | **ഡോ.ടി.എം.തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| (എ) 2016 ജൂണിൽ പുറത്തിറക്കിയ ധവളപത്രത്തിൽ ടേബിൾ 11.8 ൽ പിരിച്ചെടുക്കാത്ത നികുതിയായി സൂചിപ്പിച്ച 13,019 കോടി രൂപയുടെ കുടിശ്ശികയിൽ നാളിതുവരെ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചു; ഈയിനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക എത്രയാണ് ; | (എ) 2016 ജൂണിൽ പുറത്തിറക്കിയ ധവളപത്രത്തിൽ ടേബിൾ 11.8 ൽ പിരിച്ചെടുക്കാത്ത നികുതിയായി സൂചിപ്പിച്ച 13,019 കോടി രൂപയുടെ കുടിശ്ശികയിൽ 31.03.2017 വരെ 179.08 കോടി രൂപ വാണിജ്യ നികുതി വകുപ്പിൽ പിരിച്ചെടുക്കാൻ സാധിച്ചു. ഈയിനത്തിൽ വാണിജ്യ നികുതി വകുപ്പിൽ 31.03.2017 വരെയുള്ള കുടിശ്ശിക 7582.36 കോടി രൂപയാണ്. |
| (ബി) ധവളപത്രത്തിൽ ടേബിൾ 11.9 ൽ വിവിധ അപ്പീൽ കേസുകളിൽപ്പെട്ട് പിരിച്ചെടുക്കാൻ കഴിയാതെ മുടങ്ങികിടക്കുന്നതായി സൂചിപ്പിച്ച 3720 കോടി രൂപയുടെ നികുതിയിൽ നാളിതുവരെ എത്ര രൂപ പിരിച്ചെടുക്കാൻ സാധിച്ചു? ഈയിനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക എത്രയാണ് ; | (ബി) പിരിച്ചെടുത്ത തുക ഇനം തിരിച്ച് കണക്കാക്കിയിട്ടില്ല. ഈയിനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക 47010 കേസ്സുകളിലായി (ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) & അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ), വില്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ, സുപ്രീംകോടതി, ഹൈക്കോടതി എന്നിവ ഉൾപ്പെടെ) 4872.26 കോടി രൂപ ആണ് |
| സി) മേൽപ്പറഞ്ഞ ഇനങ്ങളിലെ നികുതി കുടിശ്ശിക മുഴുവനായും പിരിച്ചെടുക്കാൻ കഴിയാത്തതിന് പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ? വിശദാംശം ലഭ്യമാക്കാമോ? | സി) കോടതികളിൽ നിന്നുള്ള സ്റ്റേ ഉള്ളതാണ് മുഴുവൻ തുകയും പിരിച്ചെടുക്കാൻ കഴിയാത്തതിന് കാരണം. |

സെക്ഷൻ ഓഫീസർ